**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3414** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വീണ്ടെടുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പള്ളിച്ചൽ വില്ലേജിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള 17.20 ആർ. സ്ഥലം (റീസർവ്വെ നമ്പർ 151/2) വീണ്ടെടുക്കുന്നതിനായി റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് 4 ൽ റീസർവ്വെ 151/2 ൽ ഉൾപ്പെട്ട 17. 20 ആർ ഭൂമി, 1204 നമ്പർ തണ്ടപ്പേർ പ്രകാരം ഖാദി സർവോദയം പേരിൽ കാണുന്നുവെങ്കിലും, ടി വസ്തുവിൽ ഒരു അംഗനവാടിയും 3 വീടുകളും സ്ഥിതി ചെയ്യുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, ടി ഭൂമിയുടെ കൈവശം സംബന്ധിച്ച രേഖകൾ ഹാജരാക്കുവാൻ ഖാദി ബോർഡ് പ്രോജക്ട് ഓഫീസർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുള്ളതും പ്രസ്തുത ഭൂമി നിലവിൽ കൈവശം വച്ചിരിക്കുന്നവരെ നേരിൽ കേൾക്കുന്നതിനുള്ള നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിച്ചു വരുകയുമാണ്. |
| (ബി) | ഈ വിഷയത്തിന്മേൽ സിവിൽ കോടതിയെ സമീപിക്കുന്നതിനായി ആവശ്യമായ രേഖകൾ വ്യവസായ വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ? | (ബി) | ഈ വിഷയവുമായി ബന്ധപ്പെട്ടുള്ള പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് 4 ൽ റീസർവ്വെ 151/2 ൽ ഉൾപ്പെട്ട 17.20 ആർ ഭൂമിയുടെ തണ്ടപ്പേർ പകർപ്പ് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ടി ഭൂമിയെ സംബന്ധിച്ച മറ്റു രേഖകളൊന്നും ലഭ്യമല്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ